പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 1238

20.01.2014 ൽ
മറുപടിക്ക്

## ആറന്മുള വിമാനത്താവള പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം നികത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ഗുരുദാസൻ :<br>ശ്രീ.രാജു എബ്രഹാം :<br>ശ്രീ.എസ്.ശർമ്മ :<br>ശ്രീമതി പി.അയിഷാ പോറ്റി : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | ആറന്മുള വിമാനത്താവള പദ്ധതിക്കു വേണ്ടി നെൽവയലും നീർത്തടങ്ങളും നികത്തിയിട്ടുണ്ടോ ; എങ്കിൽ നികത്തപ്പെട്ട സ്ഥലം എത്ര ഏക്കർ വരുമെന്ന് വെളിപ്പെടുത്താമോ; | (എ) | ആറന്മുള വിമാനത്താവള പദ്ധതിക്കു വേണ്ടി മല്ലപ്പുഴശ്ശേരി വില്ലേജിൽ 0.4190 ഹെക്ടർ, കിടങ്ങന്നൂർ വില്ലേജിൽ 0.518 ഹെക്ടർ, ആറന്മുള വില്ലേജിൽ 6.0918 ഹെക്ടർ ഉൾപ്പെടെ ആകെ 7.0288 ഹെക്ടർ നിലം നികത്തിയിട്ടുണ്ട്. |
| (ബി) | സ്ഥലം നികത്തുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നോ; വിശദമാക്കുമോ ; | (ബി) | ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും ഉണ്ടായിട്ടില്ല. |
| (സി) | നിലം നികത്തലിനെതിരെ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ ; വിശദാംശം ലഭ്യമാക്കാമോ ; | (സി) | KLU ഉത്തരവ് 1967 പ്രകാരം 4(1) നോട്ടീസ് 2008-ൽ പുറപ്പെടുവിച്ചിരുന്നു. നിലം കൈമാറ്റം ചെയ്തപ്പോൾ വീണ്ടും KLU 4(1) പ്രകാരം മുൻ നിലം ഉടമയായ എബ്രഹാം കലമണ്ണിനും, ഇപ്പോഴത്തെ ഉടമയായ KGS Group -നും നോട്ടീസ് നൽകിയിട്ടുണ്ട്. |
| (ഡി) | വിമാനത്താവളത്തിനു വേണ്ടി നിലം നികത്തുന്നതിനെതിരെ പരാതി ലഭിച്ചിരുന്നോ ; ജനങ്ങൾ പ്രക്ഷോഭം നടത്തിയിരുന്നോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ? | (ഡി) | കുറുമ്പ - കരിക്കോട്ട് അരിങ്ങോട്ട് പാടശേഖരസമിതി പരാതി നൽകിയിരുന്നതായി പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. വിമാനത്താവള നിർമ്മാണത്തിനായി നിലം നികത്തലിനെതിരെ പ്രക്ഷോഭം നടത്തിയിട്ടുണ്ട്. |

Sreekala T.P

സെക്ഷൻ ഓഫീസർ